# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1015

11.07.2011 ൽ മറുപടിയ്ക്ക്

## പ്രത്യക്ഷ നികുതി ബില്ലിലെ വ്യവസ്ഥകളും സംസ്ഥാന സഹകരണ മേഖലയും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. എം. ഹംസ<br>ശ്രീ. പി. റ്റി. എ. റഹീം<br>ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) പാർലമെന്റിന്റെ പരിഗണനയിലുള്ള പ്രത്യക്ഷ നികുതി ബില്ലിലെ വ്യവസ്ഥകൾ, സംസ്ഥാന സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ സഹകരണസംഘങ്ങൾ ആദായനികുതി നൽകേണ്ടി വരുന്ന സ്ഥിതിവിശേഷം സഹകരണമേഖലയെ ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) പ്രത്യക്ഷ നികുതി ബിൽ നടപ്പിലാക്കുന്നതോടെ ആദായനികുതി നിയമത്തിലെ 80 (പി) വകുപ്പ് അനുസരിച്ച് സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് അനുവദിച്ചിരുന്ന ആദായ നികുതി ഇളവ് ഇല്ലാതാകുകയും അടുത്ത വർഷം മുതൽ കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളും, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളും, എംപ്ലോയീസ് സഹകരണ സംഘങ്ങളും ഉൾപ്പെടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ആദായ നികുതി നൽകേണ്ടി വരും. ലാഭം കണക്കാക്കുന്നതിന് റിസർവ്വുകൾ (കരുതലുകൾ) പരിഗണിക്കില്ല. നികുതി വിധേയ ആദായം കണക്കാക്കുന്നത് വകയിരുത്തലുകൾക്ക് മുമ്പുള്ള പലിശ വരുമാനവും മറ്റ് വരുമാനവും ചേർന്നുള്ള തുകയിൽ നിന്ന് പലിശ ചെലവുകളും, മറ്റ് ചെലവുകളും, കുറച്ച് കിട്ടുന്ന തുകയായിരിക്കും. കൃഷി അനുബന്ധ ആവശ്യങ്ങൾക്ക് നല്കുന്ന |

വായ്പകളിലെ വരുമാനത്തിന് ആദായനികുതി ഇളവ് അനുവദിച്ചിട്ടുണ്ടെങ്കിലും ഇതര മേഖലകളിലെ പ്രവർത്തനങ്ങൾക്കായി നൽകുന്ന വായ്പയിലെ വരുമാനത്തിൽ 1 ലക്ഷം രൂപയ്ക്ക് മുകളിലുള്ള മുഴുവൻ തുകയ്ക്കും 30% ആദായനികുതി നൽകേണ്ടി വരുന്നു. കേരളത്തിലെ ഒട്ടു മിക്ക പ്രാഥമിക കാർഷിക വായ്പ സംഘങ്ങളും കാർഷിക വായ്പാ പ്രവർത്തനത്തോടൊപ്പം തന്നെ കാർഷികേതര മേഖലകളിലും പ്രവർത്തിച്ചു വരുന്നു. കേരളത്തിലെ ഏതാനും ചില സംഘങ്ങളൊഴികെ എല്ലാ സംഘങ്ങളിലും കാർഷികേതര വായ്പയാണ് കൂടുതൽ വിതരണം ചെയ്തിട്ടുള്ളത്. കേരളത്തിലെ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ കാര്യത്തിൽ കാർഷികാവശ്യങ്ങൾക്ക് നൽകിയിട്ടുള്ള വായ്പയേക്കാൾ കൂടുതൽ ഭവന നിർമ്മാണം, ചെറുകിട വ്യവസായം തുടങ്ങിയ കാർഷികേതര ആവശ്യങ്ങൾക്കാണ് നൽകിയിട്ടുള്ളത്.

| | |
|---|---|
| (സി) സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത നിയമ നിർമ്മാണം സംബന്ധിച്ച് ഈ സർക്കാരിന്റെ നിലപാട് എന്താണ്; ഇക്കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ? | (സി) നിയമ നിർമ്മാണം നടത്തുമ്പോൾ കേരളത്തിലെ സഹകരണ മേഖലയ്ക്ക് ദോഷകരമായ വ്യവസ്ഥകൾ ഒഴിവാക്കണമെന്നതാണ് ഈ സർക്കാരിന്റെ നിലപാട്. വിഷയം പാർലമെന്റിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നതിനും, കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനുമായി സംസ്ഥാനത്തു നിന്നുള്ള എം. പി. മാരുടെ കോൺഫറൻസിൽ ഇക്കാര്യം ചർച്ച ചെയ്യുകയും സംസ്ഥാന സഹകരണ വകുപ്പ് മന്ത്രിയുടെ അർദ്ധഔദ്യോഗിക കത്ത് മുഖേന ബഹു. കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടു വരികയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ